DESPATCHED On. 20.09.22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 350(3)/2022 *എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.13469/*എസ്.ഐ.സി-ജി 1/2022*)

സന്നിഹിതൻ·

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 19.09.2022

ശ്രീ. ആർ.എസ്. രാധാകൃഷ്ണൻ നായർ,
ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ
എക്സിക്യൂട്ടീവ് മെമ്പർ, TVM -DC
മൂലയിൽ വീട്, ചെറുന്നിയൂർ പി.ഒ,
വർക്കല. — പരാതി ഹർജിക്കാരൻ

Vs.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഗവൺമെന്റ് എം.എൽ.പി.എസ്,
ഓടയം, ഇടവ, കൊല്ലം. — എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 10/08/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/08/2022 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 29/08/2022 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 30/08/2022 |

## ഉത്തരവ്

വർക്കല ചെറുന്നിയൂർ, മൂലയിൽ വീട്ടിൽ ശ്രീ. ആർ. എസ്. രാധാകൃഷ്ണൻ നായർ, കൊല്ലം ഇടവ ഗവൺമെന്റ് എം.എൽ.പി. സ്കൂളിലെ എസ്.പി.ഐ.ഒ ക്ക് നൽകിയ അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ടി മറുപടിയിൽ അപ്പലേറ്റ് അതോറിറ്റിയുടെ യാതൊരുവിധ മേൽവിലാസമോ, ഫോൺ നമ്പറോ രേഖപ്പെടുത്താത്തതിനാൽ അപ്പലേറ്റ്

അതോറിറ്റിയെ സമീപിക്കുവാൻ കഴിഞ്ഞില്ലെന്നും മറ്റും പരാതിപ്പെട്ടാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചിരിക്കുന്നത്.

2) 13.09.2022 ൽ കമ്മീഷൻ നേരിട്ട് നടത്തിയ ഹിയറിംഗിൽ പരാതിക്കാരൻ ഹാജരായില്ല. എസ്.പി.ഐ.ഒ ഹാജരായി. ടി വിഷയം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ശ്രീ. രാധാകൃഷ്ണൻ നായരുടെ അപേക്ഷയിലെ അന്വേഷണങ്ങൾക്ക് സ്കൂൾ ഹെഡ് മിസ്ട്രസ് ആയ എസ്.പി.ഐ.ഒ. ശ്രീമതി. സിന്ധുകുമാരി വ്യക്തമായ മറുപടി രേഖകളുടെ പകർപ്പ് സഹിതം നൽകിയിട്ടുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ കൂടുതൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്തുള്ള പരിചയക്കുറവ് മൂലമാണ് അപ്പീൽ അധികാരിയുടെ മേൽവിലാസം നൽകാൻ കഴിയാതിരുന്നതെന്നും ആയത് ബോധപൂർവ്വമായ നടപടി ആയിരുന്നില്ലെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ 13.09.2022 ലെ ഹിയറിംഗിൽ ബോധിപ്പിച്ചു. എസ്.പി.ഐ.ഒ യുടെ വിശദീകരണം ഉത്തമവിശ്വാസത്തിലെടുത്ത് മേലിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി നൽകുമ്പോൾ ആയത് തൃപ്തികരമല്ലെങ്കിൽ അപ്പീൽ നൽകാൻ ബന്ധപ്പെട്ട അപ്പീൽ അധികാരിയുടെ മേൽവിലാസവും ഔദ്യോഗിക ഫോൺ നമ്പറും കൂടി രേഖപ്പെടുത്തി നൽകണമെന്ന് എസ്.പി.ഐ.ഒ ക്ക് നിർദ്ദേശം നൽകി ഈ ഫയലിലെ തുടർ നടപടികൾ അവസാനിപ്പിച്ച്, ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 സെപ്റ്റംബർ മാസം 19-ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

RIGHT TO INFORMATION